

ഡോ. സിറിയക് തോമസ്

# അറിവും ആത്മീയതയും ആയുധമാക്കിയ ആചാര്യൻ

മലയാളത്തിന്റെ മഹാചാര്യന്മാരിൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പേരും ആലേഖനം ചെയ്യപ്പെട്ടിട്ട് നാളേറെയായി. തികച്ചും സങ്കീർണമായിരുന്ന ഒരു സാമൂഹിക കാലഘട്ടത്തിൽ അവിശ്വസനീയമായ ക്രാന്തദർശിത്വത്തോടു കൂടിയാണ് ചാവറയച്ചൻ കാലത്തിനു മുമ്പേ നടന്നുനീങ്ങിയത്. കാലത്തിനൊപ്പം, അതിനു മുന്നിലായി നടക്കുമ്പോഴും കാലത്തിനപ്പുറം കാണാനുള്ള അസാമാന്യമായ ഒരു സിദ്ധി സവിശേഷതയാണ് അദ്ദേഹം തെളിയിച്ചത്. സാധാരണസാഹചര്യങ്ങളിൽ ജനിച്ച് സാധാരണ സാഹചര്യത്തിൽ തന്നെ വളർന്ന് സന്യാസത്തിന്റെ സഹനസമ്പൂർണമായ പാതകൾ സ്വീകരിച്ച് പൗരോഹിത്യത്തിന്റെ പടവുകൾ കയറിയ ചാവറയച്ചൻ ജീവിതത്തിൽ ഉടനീളം അസാധാരണമായ സാഹചര്യങ്ങളെ നേരിടാനും അവയെ അതിവർത്തിക്കാനും നിയോഗമുള്ളവനായിരുന്നു.

അവിശ്വസനീയമായ വിശ്വാസദാർഢ്യവും ആഴമായ ഭക്തിയും അസാധാരണമായ ദൈവാശ്രയബോധവും ചാവറയച്ചനെ തന്റെ സമകാലീന സന്യസ്ഥരിൽനിന്ന് വ്യത്യസ്തനാക്കി. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ധാരണകളും കാഴ്ചപ്പാടുകളും ഉണ്ടായിരുന്നു. അപ്രാപ്യമെന്നു തോന്നാവുന്ന ലക്ഷ്യങ്ങൾ നിശ്ചയിക്കുമ്പോഴും ആരേയും അദ്ഭുതപ്പെടുത്തുന്ന പ്രായോഗികബുദ്ധിയും വൈഭവവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. യാഥാസ്ഥിതിക ക്രിസ്ത്യൻ സമൂഹത്തിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും സമുദായത്തിന്റെ താരതമ്യേന ഭദ്രമായ സാമ്പത്തികസ്ഥിതിയും സാംസ്കാരികവും സാമൂഹികവുമായ വളർച്ചയുടേയും വികസനത്തിന്റേയും സാധ്യതകളും വ്യക്തമായി തിരിച്ചറിയാനുള്ള അസാമാന്യമായ ഒരുൾക്കാഴ്ചയാണ് ചാവറയച്ചൻ സ്വന്തം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയത്.



മാന്നാനം ആശ്രമദേവാലയാങ്കണം

ചാവറയച്ചന്റെ 'ചാവരുൾ' വിദ്യാഭ്യാസപരമായി മുന്നോട്ടുപോകുവാൻ ക്രൈസ്തവസമൂഹത്തിനുള്ള ഒരുഗ്രശാസനമായിരുന്നു. സ്കൂളുകൾ സ്ഥാപിക്കാത്ത പള്ളികൾക്ക് മുടക്കു കല്പന പുറപ്പെടുവിക്കുമെന്ന് ഭീഷണിയുയർത്താൻപോലും അദ്ദേഹം തയാറായത് ആ വഴിക്കുള്ള സമുദായത്തിന്റെ സാധ്യതകളേയും സേവനബാധ്യതകളേയും തിരിച്ചറിഞ്ഞതുകൊണ്ടാണ്. ആധ്യാത്മികതയിൽ അധിഷ്ഠിതമല്ലാത്ത അറിവുകൾ അപകടകരമാണെന്ന തിരിച്ചറിവ് ഉണ്ടായിരുന്നതുകൊണ്ടാവണം ആത്മീയാനുഷ്ഠാനങ്ങൾക്ക് സ്വന്തം ജനങ്ങളെ അദ്ദേഹം നിരന്തരം നിർബന്ധിച്ചുകൊണ്ടിരുന്നത്. റോമൻ സിംഹാസനത്തിന്റെ ആധ്യാത്മിക മേൽക്കോയ്മയെ അംഗീകരിച്ചപ്പോഴും സുറിയാനി സഭയുടെ തനിമയേയും വ്യക്തിത്വത്തേയും ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുറിയാനി സഭയുടെ വികാരി ജനറലായി ഉയർത്തപ്പെട്ടപ്പോൾ സഭയുടെ ആത്മീയാചാര്യനും ഭരണമേധാവിയുമെന്ന നിലയിൽ സീറോ-മലബാർ സഭയുടെ പിൽക്കാലവളർച്ചയ്ക്ക് ശക്തമായ അടിത്തറയിടാനും അച്ചൻ ശ്രദ്ധിക്കുകയുണ്ടായി. നവീനാശയങ്ങളെ സഹർഷം സ്വാഗതം ചെയ്യാനുള്ള സന്മനസ്സ് കാണിക്കുമ്പോഴും സഭയുടെ ആധ്യാത്മികവും ഘടനാപരവുമായ പാരമ്പര്യങ്ങൾ ഉപേക്ഷിക്കാതിരിക്കാനുള്ള വിവേകവും അച്ചനുണ്ടായി.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരേസമയം ചരിത്രത്തിന്റെ സംരക്ഷകനും വർത്തമാനകാലത്തിന്റെ കാവൽക്കാരനുമായി. സ്വന്തം നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സഭയുടേയും സമുദായത്തിന്റെയും ഭാവി കരുപ്പിടിപ്പിക്കുന്നതിൽ അനുപമമായ ഉൾക്കാഴ്ചയും അദ്ദേഹം പ്രദർശിപ്പിച്ചു. ഒരേസമയം തന്നെ അദ്ദേഹം സഭാധ്യക്ഷനും സമുദായനേതാവുമായി. സന്യാസത്തിന്റെ സമഗ്രതയിലും സാമൂഹിക പരിഷ്കർത്താവിന്റെ ദൗത്യമേറ്റെടുക്കാൻ അച്ചൻ ധൈര്യപ്പെട്ടു.

വാഴ്ത്തപ്പെട്ട ചാവറയച്ചൻ മാന്നാനം കുന്നിലുയർത്തിയ ആത്മീയതയുടെ അഭൂതപൂർവമായ അഗ്നിജ്വാല അദ്ദേഹം ജീവിച്ച കാലത്തു മാത്രമല്ല പിന്നീടുവന്ന കാലങ്ങളേയും ദീപ്തമാക്കി. സീറോ-മലബാർ സഭ ഇന്ന് ചൂടി നിൽക്കുന്ന അവളുടെ സ്വാതന്ത്ര്യ കിരീടത്തിന് ഒരുപക്ഷേ നാം ഏറ്റവും കൂടുതൽ കടപ്പെട്ടിട്ടുള്ളതിൽ മുൻനിരയിൽ നിൽക്കുന്നത് ചാവറയച്ചൻ തന്നെയാവണം. പാറേമാക്കൽ ഗോവർണദോറുടെ സാഹസികതയും സ്വാതന്ത്ര്യേച്ഛയും ചാവറയച്ചന്റെ ദീർഘവീക്ഷണവും പ്രായോഗികക്ഷമതയുമാണ് സീറോ-മലബാർ സഭയുടെ പിൽക്കാല വളർച്ചയ്ക്കും ഇന്നത്തെ ഉയർച്ചയ്ക്കും അടിസ്ഥാന കാരണങ്ങളായി വർത്തിച്ചിട്ടുള്ളതെന്നതിൽ സംശയമില്ല.

വ്യത്യസ്തതകൾ പുലർത്തിയ പുരോഹിതനും സന്യാസിയും വിദ്യാഭ്യാസ വിചക്ഷണനും ഭരണാധികാരിയുമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സന്യാസത്തിന്റെ കാമ്പു കാണാൻ കഴിഞ്ഞ അച്ചന് ജീവിതത്തിന്റെ ആഴങ്ങളിലുള്ള സത്യത്തെ ഗ്രഹിക്കുവാനും സാധിച്ചിരുന്നു. ചാവറയച്ചന്റെ ജീവിതത്തെ ധന്യമാക്കിയതും അദ്ദേഹം സ്ഥാപിച്ച സന്യാസസഭയെ ശക്തമാക്കിയതും അദ്ദേഹം നയിച്ച സുറിയാനി സഭയെ അനുഭവസമ്പന്നമാക്കിയതും ചരിത്രത്തിന്റെ ഒരു കാലഘട്ടത്തിൽ അതിനെ സൃഷ്ടിക്കുകയും സമർഥമായി അതിനെ തിരുത്തുകയും ചെയ്ത അച്ചന്റെ സിദ്ധികൾ തന്നെ. കേരളത്തിലെ സുറിയാനിസഭയ്ക്കു ദൈവം കാരുണ്യപൂർവം സമ്മാനിച്ച ആത്മീയമായ ഒരു അക്ഷയപാത്രമാണ് അച്ചൻ എന്നു പറയുന്നതിലും അസംഗതമായിട്ടൊന്നുമില്ല.

## ആരംഭകൻ ചാവറയച്ചൻ



- മാർപാപ്പയുടെ അംഗീകാരമുള്ള ഭാരതത്തിലെ ആദ്യ സന്യാസസഭയ്ക്ക്- സി.എം.ഐ – പാലയ്ക്കലച്ചനോടും പോരൂക്കരയച്ചനോടും ചേർന്ന് തുടക്കമിട്ടു (1831).
- ഞായറാഴ്ച പ്രസംഗങ്ങൾ പതിവാക്കി. കേരളത്തിലെ ദേവാലയങ്ങളിൽ വൈദികർക്കും അല്മായർക്കും വേണ്ടി ധ്യാനങ്ങൾ സംഘടിപ്പിച്ചു (1831 മുതൽ).
- സീറോമലബാർ സഭയുടെ ആദ്യ മേജർ സെമിനാരിക്ക് മാന്നാനത്തു തുടക്കമിട്ടു (1833).
- കേരളസഭയിൽ മാന്നാനത്ത് 'കുരിശിന്റെ വഴി' ആരംഭിച്ചു (1840).
- കേരളസഭയിൽ ദിവ്യകാരുണ്യഭക്തിക്കു പ്രചാരം നല്കി (1843).
- സീറോമലബാർ സഭയിൽ ആദ്യമായി പ്രസും പ്രസിദ്ധീകരണശാലയും മാന്നാനത്ത് സ്ഥാപിച്ചു (1846).
- കേരളത്തിൽ ആദ്യത്തെ കത്തോലിക്കാ സ്കൂൾ (സംസ്കൃതം) മാന്നാനത്തു സ്ഥാപിച്ചു (1846).
- സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസ പരിശീലനകേന്ദ്രം മാന്നാനത്താരംഭിച്ചു(1853)
- ആർച്ച് ഡീക്കൻമാർക്കു ശേഷം സീറോമലബാർ സഭയിലെ ആദ്യത്തെ വികാരിജനറാൾ ആയി (1861).
- കേരളസഭയിൽ റോക്കോസ് ശീശ്മയ്ക്കെതിരേ പോരാട്ടത്തിനു നേതൃത്വം നല്കി (1861).
- മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം 'അനസ്താസ്യയുടെ രക്തസാക്ഷ്യം' രചിച്ചു (1862).
- 'ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം' എന്ന ആശയം കേരളസഭയിൽ നടപ്പിലാക്കി (1864).
- കേരളത്തിലെ ആദ്യ സന്യാസിനി സമൂഹത്തിന് (സി.എം.സി.) ലിയോപ്പോൾദ് അച്ചനോടു ചേർന്ന് തുടക്കമിട്ടു (1866).
- നാല്പതുമണി ആരാധന ആരംഭിച്ചു(1866)
- ആദ്യ കത്തോലിക്കാ അല്മായ, ജീവകാരുണ്യ സംഘടനയായ നന്മരണസഭ സ്ഥാപിച്ചു (1869).
- രോഗികൾക്കും അഗതികൾക്കും വേണ്ടി കേരളത്തിൽ ആദ്യമായി അഗതിഭവനം കൈനകരിയിൽ സ്ഥാപിച്ചു. (1869).
- കാനൻ നമസ്കാരം, ആരാധനാക്രമം, അനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ നവീകരണങ്ങൾ വരുത്തി. (1865-1869).